(എ) വിവിധ ജലവിതരണ പദ്ധതികൾക്കായി ഹഡ്കോയിൽ നിന്നും എൽ.ഐ.സി.യിൽ നിന്നും ഈ വർഷം എന്തു തുക വായ്പയെടുത്തിട്ടുണ്ട് ;

(ബി) അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചു ;

(സി) വായ്പതുക ചെലവഴിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവിധ ജലവിതരണ പദ്ധതികൾക്കായി ഹഡ്കോയിൽ നിന്നും എൽ.ഐ.സി.യിൽ നിന്നും ഈ വർഷം (2000-2001)-ൽ വായ്പ ഒന്നും എടുത്തിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

കൺസൾട്ടൻസി നിയമനം

43(247) ശ്രീ. കെ. സുധാകരൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്ത് ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിനുള്ള കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ ആരെല്ലാം കേസ് നൽകി ;

(ബി) ഹൈക്കോടതി വിധിയിൽമേൽ ആരെങ്കിലും സുപ്രീം കോടതിയിൽ അപ്പീൽ പോവുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസ് കൊടുത്തത് എന്തടിസ്ഥാനത്തിലായിരുന്നു ?

ഉത്തരം

(എ) 1. ശ്രീ. റ്റി. എസ്. രവീന്ദ്രൻ, കൺവീനർ, സിവിൽ ആക്ഷൻ ഫോറം.

2. ശ്രീ. എ. വി. താമരാക്ഷൻ എം.എൽ.എ.

(ബി) കേരള ഹൈക്കോടതിയിൽ ശ്രീ. റ്റി. എസ്. രവീന്ദ്രൻ ഫയൽ ചെയ്ത കേസിൽ ഉണ്ടായ ഡിവിഷൻബഞ്ച് വിധിയ്ക്കെതിരെ, ശ്രീ. രവീന്ദ്രൻ ബഹു.സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുവാൻ അനുമതി തേടിയിരുന്നു. എന്നാൽ 17-1-2000-ൽ സുപ്രീം കോടതി ശ്രീ. രവീന്ദ്രൻ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ നമ്പർ 91/2000 ഡിസ്മിസ് ചെയ്യുകയുണ്ടായി.

(സി) 5 കമ്പനികൾ ഉൾപ്പെട്ട ആദ്യത്തെ ഷോർട്ട് ലിസ്റ്റിൽ രണ്ടാമത്, രണ്ട് ജപ്പാൻ കമ്പനികളെ കൂടി ഉൾപ്പെടുത്തിയത് റദ്ദ് ചെയ്യാനും, മിനി മാത്യു കമ്മീഷൻ ശരിയെന്നു കണ്ട ആദ്യ ഷോർട്ട് ലിസ്റ്റിലെ 5 കമ്പനികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓഫറുകൾ മാത്രം പരിഗണിക്കാനുമാണ് ശ്രീ. റ്റി. എസ്. രവീന്ദ്രൻ ഫയൽ ചെയ്ത പൊതു താല്പര്യ വ്യവഹാരത്തിലൂടെ പ്രധാനമായും ആവശ്യപ്പെട്ടിരുന്നത്. ശ്രീ. എ. വി. താമരാക്ഷൻ എം.എൽ.എ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നം. 1613/2000 കേസിൽ ഉന്നയിച്ചിരുന്ന പ്രധാന ആവശ്യങ്ങൾ താഴെ ചേർക്കുന്നു.

1. പുതിയതായി ഗ്ലോബൽ ടെണ്ടർ വിളിച്ച് ഒ.ഇ.സി.എഫ് മാർഗ്ഗ രേഖകൾക്കനുസൃതമായി കൺസൾട്ടന്റിനെ നിയമിക്കണം.

2. മുൻ മാനേജിംഗ് ഡയറക്ടർക്കെതിരെ അഴിമതികുറ്റത്തിന് ക്രിമിനൽ കേസെടുക്കാൻ സ്റ്റേറ്റ് വിജിലൻസിനോ, മറ്റ് അന്വേഷണ ഏജൻസികൾക്കോ നിർദ്ദേശം നൽകണം.

3. കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഉണ്ടായ അഴിമതി ആരോപണങ്ങളിൽ സി.ബി.ഐ. അന്വേഷണത്തിന് നിർദ്ദേശം കൊടുക്കണം.

30-6-2000-ലെ വിധിന്യായത്തിലൂടെ ഹൈക്കോടതി പ്രസ്തുത ഒ.പി.ഡിസ്മിസ് ചെയ്തുവെങ്കിലും, അതിനെതിരെ ശ്രീ. എ. വി. താമരാക്ഷൻ എം.എൽ.എ. ഡിവിഷൻ ബഞ്ചിൽ അപ്പീൽ (നം.1448/2000) സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത അപ്പീൽ ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

ലോക ബാങ്കിന്റെ സഹായം

44(249) ശ്രീ. പി. ജെ. ജോയി :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക ബാങ്കിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈയിനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ;

(ഡി) ഈ പദ്ധതി പ്രകാരം നടത്തുന്ന ശുദ്ധജലവിതരണ പദ്ധതികളിൽ സംസ്ഥാന വാട്ടർ അതോറിറ്റിയുടെ പങ്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ മേൽപ്പറഞ്ഞ നാലു ജില്ലകളിലെ ആകെ 80 പഞ്ചായത്തുകളിലാണ്

LIBRARY ARCHIVES Kerala Legislative Assembly